II അടിയന്തിര പ്രമേയം

പാലക്കാട് ജില്ലയിലെ കപ്പൂർ പഞ്ചായത്തിലെ സി. പി. ഐ. (എം) ബ്രാഞ്ച് സെക്രട്ടറി അഴിക്കുളങ്ങര ഇബ്രാഹിമിന്റെ കൊലപാതകം

മി. സ്പീക്കർ: ഇന്നലെ വൈകുന്നേരം പാലക്കാട് ജില്ലയിലെ കപ്പൂർ പഞ്ചായത്തിൽ മണ്ണാരപ്പറമ്പ് അങ്ങാടിയിൽ വച്ച് സി.പി.ഐ. (എം) ബ്രാഞ്ച് സെക്രട്ടറി അഴിക്കുളങ്ങര ഇബ്രാഹിമിനെ കൊലപ്പെടുത്തിയതിനെത്തുടർന്ന് ആ പ്രദേശത്തും പരിസര പ്രദേശങ്ങളിലും സംജാതമായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എ. കെ. ബാലൻ, കെ. പി. രാജേന്ദ്രൻ, സി. കെ. നാണു, എ. എ. അസീസ്, പി. സി. ജോർജ്ജ്, എ. സി. ഷൺമുഖദാസ്, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 A. M.]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പാലക്കാട് ചാലിശ്ശേരി മണ്ണാരപ്പറമ്പ് താമസക്കാരനായ ഇബ്രാഹീമിനെ മൂന്ന് പേർ ചേർന്ന് 13-3-2005-ന് ദേഹോപദ്രവം ഏൽപിക്കുകയും കുത്തി പരിക്കേൽപ്പിക്കുകയും ചെയ്തു. പരിക്കേറ്റ ഇബ്രാഹിമിനെ ചികിൽസയ്ക്കായി ആശുപത്രിയിലേക്ക് കൊണ്ടുപോകുംവഴി മരണപ്പെട്ടു. ഇക്കാര്യത്തിൽ മൂന്നു പേരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ദൗർഭാഗ്യകരമായ ഈ സംഭവത്തിൽ കർശനമായ നിയമ നടപടീകൾ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: പാലക്കാട് ജില്ലയിലെ തൃത്താല നിയോജക മണ്ഡലത്തിൽപ്പെട്ട കപ്പൂർ പഞ്ചായത്തിലെ മണ്ണാരപ്പറമ്പ് സി. പി. ഐ. (എം). ബ്രാഞ്ച് സെക്രട്ടറി 50 വയസ്സുള്ള ഇബ്രാഹീം 13-3-05 വൈകിട്ട് 6.30-ന് കൊലചെയ്യപ്പെട്ടു. കപ്പൂർ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡ് മെമ്പർ മഹിളാ കോൺഗ്രസ് സെക്രട്ടറി ശ്രീമതി എം. സി. മാളുവിന്റെ മക്കളും കോൺഗ്രസ് പ്രവർത്തകരുമായ നൗഫൽ, നൗവാസ് ഇവരുടെ സുഹൃത്ത് ആഷിക്ക് എന്നീ മൂന്ന് പേർ ചേർന്നാണ് ഈ കൊലയ്ക്ക് നേതൃത്വം കൊടുത്തത്. മൂന്ന് പ്രതികളും ബൈക്കിൽ വന്ന് ഇബ്രാഹിമിനെ ചവിട്ടി വീഴ്ത്തി കത്തികോണ്ട് കുത്തി കൊലപ്പെടുത്തുകയായിരുന്നു. ആളുകൾ കണ്ടുനില്ക്കെ കത്തി വലിച്ചെറിഞ്ഞ് പ്രതികൾ രക്ഷപ്പെട്ടു. ഭാര്യയും മൂന്ന് കുട്ടികളുമുള്ള കുടുംബം നിരാലംബരായി. മൂന്ന് കുട്ടികളിൽ മുത്ത കുട്ടി ഷാജുമൽ പ്ലസ് ടു വിദ്യാർത്ഥിയാണ്. മറ്റ് രണ്ടുപേർ യു. പി., എൽ. പി. വിദ്യാർത്ഥികളാണ്. കോൺഗ്രസ് ഐ-ക്ക് സ്വാധീനമുള്ള ഈ പ്രദേശത്ത് സി. പി. ഐ. (എം) ന്റെ കൊടി തോരണങ്ങളോ ചുവരെഴുത്തോ പാടില്ലെന്ന പ്രഖ്യാപനമുണ്ടായെങ്കിലും ഈ മേഖലകളിൽ അടുത്തകാലത്ത് സി. പി. ഐ. (എം) ന്റെ ശക്തി വളരുകയായിരുന്നു. അതിന് നേതൃത്വം കൊടുത്തത് സി. പി. ഐ. (എം) ന്റെ ബ്രാഞ്ച് സെക്രട്ടറി ഇബ്രാഹീം ആയിരുന്നു. നാട്ടുകാരുടെ പ്രിയപ്പെട്ട സുഹൃത്തായിരുന്നു ഇബ്രാഹീം.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിനെതിരെ വധ ഭീഷണിയുണ്ടായിരുന്നതായി രണ്ട് ദിവസം മുൻപ് സി. ഐ.-ക്ക് പരാതി കൊടുത്തിരുന്നു. പ്രതികളെ സ്റ്റേഷനിൽ വിളിച്ചു ലോഹ്യം പറഞ്ഞു വിടുകയാണ് ചെയ്തത്. കൊല നടത്തിയാലും ഒന്നും വരാൻ പോകുന്നില്ലെന്ന് പോലീസിൽനിന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അരുംകൊല നടന്നത്. കഴിഞ്ഞ വെള്ളിയാഴ്ച സി. ഐ. ടി. യു. പ്രവർത്തകനായ ദാസനെ വയനാട്ടിൽവച്ച് തൃശ്ശൂർ ജില്ലയിലെ ആർ. എസ്. എസ് . പ്രവർത്തകർ കൊലപ്പെടുത്തിയത് ബഹുമാനപ്പെട്ട അങ്ങ് ശ്രദ്ധിച്ചിരിക്കും. രാത്രി വീട്ടിനടുത്തുള്ള വഴിയിൽ വച്ചാണ് കൊല നടത്തിയത്. ക്രിമിനൽ സംഘം സി. പി. ഐ. (എം) പ്രവർത്തകരെ വടക്കേക്കാട്ടിൽ വച്ച് വെട്ടി പരിക്കേൽപ്പിച്ചു. അതിൽ രണ്ട് പേരുടെ സ്ഥിതി ഗുരുതരമാണ്. അവർ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചികിൽസയിലാണ്. 2005 ജനുവരി 20-ാം തീയതി പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം പഞ്ചായത്തിൽ സഹദേവൻ എന്ന സി. പി. ഐ. (എം) പ്രവർത്തകനെ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാൻ പോയ അവസരത്തിൽ ആർ. എസ്. എസ്. പ്രവർത്തകർ പോലീസിന്റെ മുൻപിൽ വച്ചാണ് കൊല ചെയ്തത്. ഇന്നേവരെ എല്ലാ പ്രതികളേയും പിടിക്കാൻ കഴിഞ്ഞിട്ടില്ല. എൻ. ഡി. എഫ്.-ആർ. എസ്. എസ്.- കോൺഗ്രസ്സ് പ്രവർത്തകർ പോലീസിന്റെ മൗനാനുവാദത്തോടു കൂടി നിരപരാധികളെ കൊലപ്പെടുത്തുന്നു. കേരളം കുരുതിക്കളമാക്കുകയാണ്. മോഷണം, ഭവനഭേദനം, കവർച്ച, സ്ത്രീപീഡനം, കൊലപാതകം എന്നീ കൃത്യങ്ങളുടെ എണ്ണത്തിൽ ഇൻഡ്യയിൽ ഒന്നാം സ്ഥാനത്ത് കേരളം എത്തിനിൽക്കുകയാണ്. 1647 കൊലപാതകങ്ങളാണ് നാല് വർഷം കൊണ്ട് ഇവിടെ നടന്നിട്ടുള്ളത്. അതിൽ പിടികിട്ടാപുള്ളികളായി 20,176 പേരാണ്. രാഷ്ട്രീയ ഇടപെടൽ കാരണം പ്രതികൾ രക്ഷപ്പെടുന്നു; നിയമത്തിന്റെ മുൻപിൽ ഹാജരക്കപ്പെടുന്നില്ല. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ആന്റണി പോയി ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയ ദിവസം തന്നെയാണ് പള്ളിയിൽ കയറി ഒരു അച്ചനെ ആർ. എസ്. എസ്.-കാർ കുത്തി കൊന്നത്. പ്രതികളെ ആരെയും പിടിച്ചിട്ടില്ല. കോഴിക്കോട് കന്യാസ്ത്രീകളുടെ സഭാ വസ്ത്രം രക്തത്തിൽ മുങ്ങിക്കുളിച്ചതും പള്ളിക് തീ വച്ചതും ഈ ഭരണത്തിൻ കീഴിലാണ്. ക്രിമിനലുകൾക്ക് പ്രചോദനം ഗവൺമെന്റിൽനിന്ന് ലഭിക്കുന്നു. എൻ. ഡി. എഫ്.-ആർ. എസ്. എസ്. പ്രീണന നയം ഈ ഗവൺമെന്റ് തുടരുന്നു. കേരളം പൂർണ്ണമായ അരാജകത്വത്തിലേക്ക് നീങ്ങുന്നു. ഈ അവസ്ഥ അപകടകരമാണ്. ആഭ്യന്തര രംഗം പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. ഈ സംഭവം നടക്കുമ്പോൾ അവിടെ പോലീസ് എത്തിയിട്ടില്ല. എല്ലാം കഴിഞ്ഞശേഷമാണ് പോലീസ് എത്തുന്നത്. ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ചുമതലയില്ല എന്ന തോന്നലാണ് പോലീസിനുള്ളത്. ഇത് സംരക്ഷിക്കുമെന്ന വിശ്വാസവും ജനങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഈ അവസ്ഥ കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. നിയമ വ്യവസ്ഥയെ വെല്ലുവിളിച്ചു കൊണ്ട് ജനങ്ങൾ സ്വയം സംരക്ഷിക്കുന്നതിനുവേണ്ടി രംഗത്ത് വരുമ്പോൾ കേരളം പരിപൂർണ്ണമായും അരാജകത്വത്തിലേക്ക് നീങ്ങുന്നു. ഈ അവസ്ഥ ആവർത്തിക്കാതിരിക്കണമെങ്കിൽ സഭ നിർത്തി വച്ച് ഈ പ്രശ്നം ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ പ്രമേയത്തിന്റെ ഉള്ളടക്കം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി : ഇന്നലെ ഉണ്ടായ സംഭവത്തെക്കുറിച്ചാണ് അടിയന്തിര പ്രമേയം. അതിന് അധികം പറയാൻ ഇല്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹം ഉള്ളതും ഇല്ലാത്തതുമായ പല സംഭവങ്ങളും ഇവിടെ പറഞ്ഞത്. ഇരിങ്ങാല ക്കുടയിലെ സംഭവം വളരെ നിർഭാഗ്യകരമാണ്. അതിന് ശക്തമായ അന്വേഷണം നട ക്കുകയുമാണ്. അത് ഞാൻ ചാർജ്ജെടുത്ത ദിവസം തന്നെയാണെന്ന് പറയുമ്പോൾ എന്നാണെന്ന് കൂടി അന്വേഷിച്ചാൽ കൊള്ളാമായിരുന്നു. ഈ കേസിലെ പ്രധാന കുറ്റ വാളിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. കൂടുതൽ പ്രതികൾ ഉണ്ടോയെന്നുള്ളതാണ് ഇപ്പോഴത്തെ അന്വേഷണം. അന്വേഷണം ശക്തിപ്പെട്ട് വരികയാണ്. ഇന്നലെ ഉണ്ടായ സംഭവം രാഷ്ട്രീയമായി യാതൊരു ബന്ധവും ഇല്ലത്തതാണ്. പ്രതികളും ഇബ്രാഹീമും തൊട്ടടുത്ത അയൽപക്കക്കാരാണ്. അതിർത്തി തർക്കം വർഷങ്ങളായി നിലനിൽക്കുകയാണ്. രാഷ്ട്രീയ പ്രശ്നങ്ങൾ അല്ല. അതിനി ടയ്ക്ക് ഇബ്രാഹിമിന്റെ ജേഷ്ഠന്റെ ഭാര്യയെ മൊബൈൽ ഫോണിൽ വിളിച്ച് അനാവശ്യം പറഞ്ഞുവെന്നത് സംബന്ധിച്ച് പരാതി പോലീസ് സർക്കിൾ ഇൻസ്പെ ക്ടർക്ക് കിട്ടി. അതിനെത്തുടർന്ന് അദ്ദേഹം അവരെ വിളിച്ച് വരുത്തി താക്കീത് ചെയ്തു വിട്ടു. അല്ലാതെ രാഷ്ട്രീയമായിട്ടുള്ള പ്രശ്നമല്ല. അതിനുശേഷം അവിടുത്തെ പഞ്ചായത്ത് മെമ്പരുടെ മക്കളിൽ ഒരാളായ നൗഷാദും ഇബ്രാഹിമിന്റെ വീട്ടിലെ ജോലിക്കാരനും തമ്മിൽ വാക്കുതർക്കവും അടിപിടിയും ഉണ്ടാകുകയും ചെയ്തു. അത് ഇന്നലെ രാവിലെ ഉണ്ടായ സംഭവമാണ്. അതിനെത്തുടർന്ന് ജോലിക്കാരൻ നൗഷാദിനെ ദേഹോപദ്രവം ഏൽപിക്കുകയും തുടർന്ന് നൗഷാദിന്റെ രണ്ട് സഹോദരൻമാരും ഒരു ബന്ധുവും കൂടി ജോലിക്കാരനോട് ചോദിക്കാൻ ചെന്നപ്പോൾ ഇബ്രഹീമുമായി ഏറ്റുമുട്ടൽ ഉണ്ടാകുകയുമാണ് ചെയ്തത്. വളരെ നിർഭാഗ്യകരമായ സംഭവമാണത്. ഇതിനെതിരെ കർശനമായ നടപടിയെടുക്കും. നോട്ടീസിനകത്ത് പ്രതികൾ പുറത്ത് വിഹരിക്കുകയാണെന്ന് എഴുതിയിട്ടുണ്ട്. പ്രതികൾ അവിടെ വിഹരിക്കുന്നില്ല. എവിടെ പോയാലും അറസ്റ്റ് ചെയ്യത്തക്ക വിധത്തിൽ അന്വേഷണം വളരെ ശക്തിയാക്കിയിട്ടുണ്ട്. പ്രതികളെ ഉടൻ തന്നെ അറസ്റ്റ് ചെയ്തു നിയമത്തിന്റെ മുൻപിൽ കൊണ്ടുവരും. നിയമപരമായി ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പ് തരുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് ജില്ലയിലെ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതു കാരണം തൊഴിലാളികൾ അനുഭവിക്കുന്ന ദുരിത പൂർണ്ണമായ സ്ഥിതിയിലേക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly